**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിംഗ് ഫോർ എംപവർമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാർശ്വവൽകൃത ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടിക വിഭാഗങ്ങളിലെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയും അതിന്റെ ഭാഗമായി അതിദരിദ്രരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുകയും പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടിക വിഭാഗങ്ങളിൽ അതിദരിദ്രരിൽ അതീവ ദുർബല വിഭാഗമായി കണക്കാക്കപ്പെട്ടവരുടെ ഉന്നമനത്തിനായി കുടുംബാധിഷ്ഠിത ശാക്തീകരണ സൂക്ഷ്മതല ആസൂത്രണ (ഹോം) പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടു കൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “HOME” (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്ര വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ സർവെയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഈ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തുക നീക്കിവച്ചിട്ടുണ്ടോ; ആരെല്ലാം സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | നടപ്പ സാമ്പത്തിക വർഷം 2225-01-102-99(P) ശീർഷകത്തിൽ നീക്കിവച്ചിട്ടുള്ള 50 കോടി രൂപയിൽ നിന്നാണ് 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുള്ള പദ്ധതിക്ക് തുക കണ്ടെത്തേണ്ടത്. പ്രൊമോട്ടർമാർ, സോഷ്യൽ വർക്കേഴ്സ്, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ